**ഗ്രാമ ന്യായാലയം, ഇരിക്കൂർ.**
**സാന്നിദ്ധ്യം: ശ്രീ ശ്രീജയൻ വി, ന്യായാധികാരി, ഇരിക്കൂർ.**
**തീയ്യതി 2026 ഏപ്രിൽ 07 (1948 ചൈത്രം 17)**

**കലണ്ടർ കേസ് നമ്പർ 90/2020**

പരാതിക്കാരൻ : സ്റ്റേഷൻ ഹൗസ് ഓഫീസർ,
ഉളിക്കൽ പോലീസ് സ്റ്റേഷൻ.
ക്രൈം നമ്പർ 235/2020
(കേരള സർക്കാരിനു വേണ്ടി)
(അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ അബ്ദുൽ സത്താർ വി പി)

പ്രതികൾ : 1.ജോബി @ കാക്ക, S /o ദേവസ്സ്യ, വയസ്സ് 39,
കുരിശുംമൂട്ടിൽ ഹൗസ്, പയ്യാവൂർ അംശം, പാടാം കവല.
2.ആന്റണി വർഗീസ് @ മോനായി, S/o വർഗീസ് ,
വയസ്സ് 37, കുരിശും മൂട്ടിൽ ഹൗസ്, പയ്യാവൂർ അംശം, പാടാം കവല.
(അഡ്വക്കേറ്റ് ശ്രീ ജോജോ തോമസ് )

ചാർജ് : ഇന്ത്യൻ ശിക്ഷാനിയമം 341,323,294(b), r/w 34 വകുപ്പുകൾ
വാദം : കുറ്റക്കാരല്ല
കണ്ടെത്തൽ : കുറ്റക്കാരല്ല
ശിക്ഷ/ഉത്തരവ് : ഈ കേസിലെ പ്രതികളെ Section 255 (1), The Code of Criminal Procedure,1973 പ്രകാരം വെറുതെ വിട്ടിരിക്കുന്നു.

<u>പ്രതികളെ കുറിച്ചുള്ള വിവരണം</u>

| ക്രമ നമ്പർ | പ്രതികളുടെ പേര് | വയസ്സ് | അച്ഛന്റെ പേര് | പ്രവർത്തി | വിലാസം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ജോബി @ കാക്ക | 39 | ദേവസ്സ്യ, | | ചെറുവാരി ഹൗസ്, വയത്തൂർ അംശം, പേരട്ട , കല്ലൻതോട്, |
| 2 | ആന്റണി വർഗീസ് | 37 | വർഗീസ് | | നെല്ലിക ഹൗസ്, വയത്തൂർ അംശം, ,പേരട്ട , കല്ലൻതോട്, |

സംഭവം നടന്ന തീയ്യതി : 07.06.2020

പരാതി കൊടുത്ത തീയ്യതി : 25.06.2020

അറസ്റ്റ് ചെയ്ത തീയ്യതി : 25.07.2020

ജാമ്യത്തിൽ വിട്ട തീയ്യതി : 25.07.2020

വിചാരണ തുടങ്ങിയ തീയ്യതി : 18.03.2021

വിചാരണ അവസാനിച്ച തീയ്യതി : 01.04.2026

വിധി തീയ്യതി : 07.04.2026

## വിധിന്യായം

1. ഈ കേസിലെ പരാതിക്കാരൻ ബഹുമാനപ്പെട്ട തളിപ്പറമ്പ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഒരു അന്യായം ബോധിപ്പിച്ചിട്ടുള്ളതാണ് ആയത് ബഹുമാനപ്പെട്ട തളിപ്പറമ്പ് മജിസ്ട്രേറ്റ് കോടതി CMP 2007/2020 നമ്പർ ആയി ഫയലിൽ പിടിച്ചിട്ടുള്ളതും ആയത് പയ്യാവൂർ സ്റ്റേഷൻ ഹൗസ് ഓഫീസർ അവർകൾക്ക് അന്വേഷണത്തിനായി 156 (3) വകുപ്പ് സി ആർ പി സി പ്രകാരം ഫോർവേഡ് ചെയ്തിട്ടുള്ളതും ആണ് ആയതിന്, എസ് ഐ ഓഫ് പോലീസ്, പയ്യാവൂർ ക്രൈം

നമ്പർ 235/2020 143, 147, 148 341,323, 324, 294 (b) 506(1), 182, 149 ഐപിസി പ്രകാരം ക്രൈം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്, ആയതിന് ശേഷം ഈ കോടതി മുമ്പാകെ പയ്യാവൂർ പോലീസ് ഫൈനൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ആ ഫൈനൽ റിപ്പോർട്ടിന്മേൽ ഈ കോടതി COGNIZANCE എടുത്തിട്ടുള്ളതാണ്.

2. പ്രോസിക്യൂഷൻ കേസിന്റെ സാരാംശം ഇപ്രകാരമാണ്. പയ്യാവൂർ അംശം, പാടാംകവല എന്ന സ്ഥലത്ത് കുന്നത്തൂർ പാടാംകവല റോഡ് മാർജിനോട് ചേർന്നുള്ള പബ്ലിക് റോഡിൽ വെച്ച് 7-6-2020 തീയതി ഈ കേസിലെ പ്രതികൾ കുറ്റം ചെയ്യണം എന്ന കരുതലും ഉദ്ദേശത്തോടും കൂടി ഒന്നാം സാക്ഷിയെ തടഞ്ഞു നിർത്തി അശ്ലീല ഭാഷയിൽ ചീത്ത വിളിക്കുകയും കൈകൊണ്ട് മുഖത്തടിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തു. 2-ാം പ്രതി 1-ാം സാക്ഷിയുടെ മുഖത്തും പുറത്തും കൈ കൊണ്ട് അടിച്ചു പരിക്കേൽപ്പിച്ചതിനാൽ ഈ കേസിലെ 1-ഉം 2-ഉം പ്രതികൾ 341,323, 294 (b) IPC പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുള്ളതാണ്.

3. ഇവിടെ പോലീസ് ഫയലാക്കിയ ഫൈനൽ റിപ്പോർട്ട് പ്രകാരം ഈ കോടതി കോഗ്നൈസൻസ് എടുത്തിട്ടുള്ളതും പ്രതികൾക്ക് സമൻസ് അയച്ചിട്ടുള്ളതുമാണ്.

4. ഈ കേസിലെ പ്രതികൾക്ക് സമൻസ് അയച്ചിട്ടുള്ളതും പ്രതികൾ കോടതി മുമ്പാകെ ഹാജരായിട്ടുള്ളതും പ്രതികൾക്ക് കുറ്റാരോപണത്തിന്റെ സാരാംശം വായിച്ചു കേൾപ്പിച്ചതിൽ , പ്രതികൾ കുറ്റമൊന്നും ചെയ്തിട്ടില്ല എന്ന് കോടതി

മുമ്പാകെ അറിയിച്ചിട്ടുള്ളതുമാണ്. ആയതിന് ശേഷം സാക്ഷികൾക്ക് സമൻസ് അയച്ചിട്ടുള്ളതാണ്.

5. പ്രോസിക്യൂഷൻ ഭാഗത്തു നിന്നും 10 സാക്ഷികളുടെ പട്ടിക തന്നിട്ടുള്ളതും ആയതിൽ 7 സാക്ഷികളെ വിസ്തരിച്ചിട്ടുള്ളതുമാണ്. ചാർജ് ഭാഗം 3-ാം സാക്ഷി, 7-ാം സാക്ഷി എന്നിവരെ ബഹുമാനപ്പെട്ട. അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ വിസ്തരിക്കേണ്ട എന്ന് രേഖാമൂലം എഴുതിയറിയിച്ചിട്ടുള്ളതാണ് പ്രോസിക്യൂഷൻ ഭാഗം 8-ാം സാക്ഷി ഡോക്ടർ:മുഹമ്മദ് കുഞ്ഞി കെ പി എന്നിവർ മരിച്ചു പോയിട്ടുള്ളതും ടിയാന്റെ Death Certificate കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാണ്. പ്രോസിക്യൂഷൻ ഭാഗത്തു നിന്നും P1 മുതൽ P 8 വരെ രേഖകൾ മാർക്ക് ചെയ്തിട്ടുള്ളതാണ് പ്രോസിക്യൂഷൻ ഭാഗം തെളിവിന് ശേഷം, ഈ കേസിലെ പ്രതികളുടെ സെക്ഷൻ 313 സിആർപിസി അനുശാസിക്കുന്ന പ്രകാരം എക്സാമിനേഷൻ നടത്തിയിട്ടുള്ളതും ടി സമയം പ്രതികൾ പ്രോസിക്യൂഷൻ ആരോപിക്കും പ്രകാരം യാതൊരു സംഭവവും നടന്നിട്ടില്ല. ഇപ്രകാരം ഒരു കെട്ടിച്ചമച്ച കേസാണ് എന്നും ഞങ്ങൾ നിരപരാധികളാണ് എന്നും കോടതി മുൻപാകെ മൊഴി തന്നിട്ടുള്ളതാണ്. ആയതിന് ശേഷം പ്രതി ഭാഗത്ത് നിന്നും തെളിവുകളൊന്നും ഇല്ല എന്ന് അറിയിച്ചതിനെ തുടർന്ന് മേൽ നമ്പർ കേസ് ഹിയറിംഗിന് വെച്ചിട്ടുള്ളതാണ്.

6. ഇരു ഭാഗവും കേട്ടു, രേഖകൾ പരിശോധിച്ചു

7. താഴെ പറയും പ്രകാരം തർക്ക വിഷയങ്ങൾ ഈ കേസിൽ കോടതിയുടെ പരിഗണനയ്ക്ക് വരുന്നതാണ്

1) 7.06.2020 തീയതി വൈകിട്ട് 6.30 മണിക്ക് പയ്യാവൂർ അംശം പാടാംകവല എന്ന സ്ഥലത്ത് പാടാംകവല കുന്നത്തൂർ റോഡിൽ വച്ച് ഈ കേസിലെ 1-ഉം 2-ഉം പ്രതികൾ കുറ്റം ചെയ്യണമെന്ന ഉദ്ദേശത്തോടും കരുതലോടും കൂടി, 1-ാം സാക്ഷിയെ തടഞ്ഞുനിർത്തി. 341 IPC പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

2) 7.06.2020 തീയതി വൈകിട്ട് 6.30 മണിക്ക് പയ്യാവൂർ അംശം പാടാംകവല എന്ന സ്ഥലത്ത് പാടാംകവല കുന്നത്തൂർ റോഡിൽ വച്ച് ഈ കേസിലെ പ്രതികൾ കുറ്റം ചെയ്യണമെന്ന കരുതലും ഉദ്ദേശത്തോടും കൂടി ഒന്നാം സാക്ഷിയെ തടഞ്ഞു നിർത്തി അശ്ലീല ഭാഷയിൽ ചീത്ത വിളിച്ച് 294 (b) IPC പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

3) 7.06.2020 തീയതി വൈകിട്ട് 6.30 മണിക്ക് പയ്യാവൂർ അംശം പാടാംകവല എന്ന സ്ഥലത്ത് പാടാംകവല കുന്നത്തൂർ റോഡിൽ വച്ച് ഈ കേസിലെ പ്രതികൾ ഈ കേസിലെ ഒന്നാം സാക്ഷിയെ തടഞ്ഞുനിർത്തി അശ്ലീല ഭാഷയിൽ ചീത്ത വിളിച്ച് മുഖത്ത് അടിക്കുകയും പരിക്കേൽപ്പിക്കുകയും രണ്ടാം പ്രതി ഒന്നാം സാക്ഷിയുടെ മുഖത്തും പുറത്തും കൈ കൊണ്ട് അടിച്ചും

പരിക്കേൽപ്പിച്ചിരിക്കയാൽ പ്രതികൾ 323, IPC പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

4) അപ്രകാരമെങ്കിൽ ഉചിതമായ ശിക്ഷ എന്താണ്?

8. ഈ കേസിലെ പ്രോസിക്യൂഷൻ ഭാഗം തെളിവുകൾ പരിശോധിക്കുമ്പോൾ പ്രോസിക്യൂഷൻ ഭാഗത്തുനിന്നും 7 സാക്ഷികളെ വിസ്തരിച്ചിട്ടുള്ളതും പ്രോസിക്യൂഷൻ ഭാഗത്ത് നിന്നും P1 മുതൽ P8 വരെ രേഖകൾ മാർക്ക് ചെയ്തിട്ടുള്ളതുമാണ്. ഇവിടെ ഈ കേസിന് അടിസ്ഥാനപരമായ Ext. P1 പരിശോധിക്കുകയാണെങ്കിൽ, ഈ പരാതിയിൽ ഈ കേസിലെ പരാതിക്കാരൻ 5 പേരുടെ പേരാണ് സൂചിപ്പിച്ചിട്ടുള്ളത്. കുരിശു മൂട്ടിൽ ആന്റണി, കുരിശുമൂട്ടിൽ ജോബി , വയലിൽ കുട്ടിച്ചൻ, വടക്കേൽ ദേവസ്യ. പനയോലിൽ വർഗീസ് ജോണി എന്നിവരുടെ പേരാണ് പരാതിയിലുള്ളത്. പരാതി പ്രകാരം അന്യായക്കാരന്റെ സഹോദരൻ ജനറേറ്റർ വാടകയ്ക്ക് നൽകിയിരുന്നു അപ്രകാരം പാടാംകവലയിലുള്ള മദർ ത്രേസ്യ ചർച്ചിലെ നിർമ്മാണ പ്രവർത്തികൾക്ക് വേണ്ടി ജനറേറ്റർ വാടകയ്ക്ക് എടുത്തു കൊണ്ട് പോയിരുന്നു പിന്നീട് ആയത് സംബന്ധിച്ച് ഒരു തർക്കമുണ്ടായിരുന്നു. അപ്രകാരം കാര്യങ്ങൾ ഇരിക്കെ 7-6-2020 തീയതി വൈകിട്ട് 7.30 മണിക്ക് ചന്ദനക്കാംപാറയിൽ നിന്ന് ചീയ്യപ്പാറയിലേക്ക് തന്റെ ഭവനത്തിലേക്ക് സ്കൂട്ടറിൽ പോകുമ്പോൾ സിബിയാൻ എന്നിവരുടെ കടയിൽ നിന്നും സാധനങ്ങൾ വാങ്ങി സ്കൂട്ടർ നിർത്തി ഇറങ്ങവേ പ്രതികൾ പള്ളിയുടെ ഭാഗത്തു നിന്ന് വളരെ ധൃതിയിൽ

വരികയും അന്യായക്കാരനെ എങ്ങോട്ടും പോകാൻ അനുവദിക്കാതെ തടഞ്ഞു നിർത്തുകയും മൂന്നാം പ്രതി പള്ളിയിൽ വിളിച്ച് പണത്തിന്റെ കാര്യം എന്തിന് ചോദിച്ചു, തനിക്ക് പണം നൽകില്ല, വാഴപ്പള്ളിക്കാർ വന്നാൽ ഒന്നും ആകാനില്ല എന്ന് പറഞ്ഞ് വെല്ലുവിളിച്ചു, ഇപ്രകാരം 2-ാം പ്രതി അന്യായക്കാരന്റെ പുറകിൽ നിന്ന് വലതു ചെവിക്കും മുഖത്തും കൈ കൊണ്ട് അടിച്ചു അപ്രകാരം 1-ാം പ്രതി അന്യായക്കാരന്റെ മുഖത്ത് നിന്നും ഇടത് ചെവിക്കും ആ അടിച്ചു , ആ സമയം മൂന്നാം പ്രതി ജീവിക്കാൻ വിടില്ലടാ നായിന്റെ മോനെ എന്ന് പറഞ്ഞ് അന്യായക്കാരന്റെ കൈപിടിച്ചു താടിക്ക് തട്ടുകയുണ്ടായി അതിൽ അന്യായക്കാരന്റെ കൈയിലുള്ള 5000/- രൂപ എടുത്തു. ആയതുകൊണ്ട് ഈ കേസിലെ പ്രതികൾ ഇന്ത്യൻ ശിക്ഷാ നിയമം 341, 323, 324, 294 (b) 506 (1) , 182, 143, 147, 148, 149 വകുപ്പുകൾ പ്രകാരം കുറ്റം ചെയ്തിട്ടുണ്ട് എന്നും ആയതിന് കേസ് രജിസ്റ്റർ ചെയ്തു നടപടി എടുക്കുവാൻ പയ്യാവൂർ പോലീസിന് നിർദ്ദേശം കൊടുക്കണം എന്നുമാണ് Ext. P1 പരാതിയിൽ പ്രസ്താവിച്ചിട്ടുള്ളത്. Ext. P1 പരാതിയുടെ അടിസ്ഥാനത്തിലാണ് ഈ കേസിൽ FIR ഉം പിന്നീട് ചാർജ് ഷീറ്റും കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുള്ളത്, ഇവിടെ ഈ കേസിലെ പരാതി പ്രകാരം 5 പേരാണ് പ്രതികളായിട്ടുള്ളത്, എന്നാൽ പോലീസ് കേസിൽ ഫൈനൽ റിപ്പോർട്ട് പ്രകാരം ആകെ 2 പേരാണ് പ്രതികളായിട്ടുള്ളത്.

9. ഇവിടെ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷിയുടെ മൊഴി വിശകലനം ചെയ്യുമ്പോൾ പാടാംകവല എന്ന സ്ഥലത്താണ് താമസം എന്നും

പരാതിക്കാരനാണ് എന്നും 7-6 -2020 തീയതി വൈകുന്നേരം 6.30 മണിക്ക് പാടാംകവല ടൗണിൽ വെച്ച് ഞാൻ ചന്ദനക്കാംപാറയിൽ നിന്നും വീട്ടിലേക്ക് വരുമ്പോൾ സാധനങ്ങൾ വാങ്ങിക്കാൻ പോകവേ ജോബി, കുട്ടിച്ചൻ, ഷിബി , ജോണി, മോനായി എന്നിവർ തടഞ്ഞു നിർത്തി അടിച്ചു വെന്നും ജോബിയും മോനായിയും എന്റെ 2 കവിളിനും അടിച്ചു എന്നും. കുട്ടിച്ചൻ നിന്നെ ജീവിക്കാൻ വിടില്ലടാ നായിന്റെ മോനെ എന്ന് പറഞ്ഞ് കൈപിടിച്ച് കറക്കി താടിക്ക് തട്ടി മായും പൂയും കൂട്ടി തെറി പറഞ്ഞു എന്നും ഷിബി നെഞ്ചിൽ കുത്തിയെന്നും ജോണി എന്റെ നാഭിക്ക് ചവിട്ടിയെന്നും ആ സമയം ഞാൻ റോഡിൽ വീണ എന്നും എന്റെ വണ്ടിയിൽ കൊണ്ട് പോകുമ്പോൾ ജോബിയും മോനായിയും അടിച്ചു എന്നും അടി കിട്ടിയതിൽ വേദന ഉണ്ടായി എന്നും എന്റെ പോക്കറ്റ് വലിച്ച് കീറിയപ്പോൾ പൈസ നഷ്ടപ്പെട്ടു എന്നും കുറച്ച് പൈസ തിരിച്ചു കിട്ടിയെന്നും സ്റ്റേഷനിൽ പരാതി കൊടുത്തെങ്കിലും കൊറോണ സമയമായതിനാൽ കോടതിയിൽ പോകാൻ പറഞ്ഞു എന്നും കോടതിയിൽ കൊടുത്ത പരാതിയാണ് കാണിച്ചത് എന്നും എന്റെ ജനറേറ്റർ കത്തിപ്പോയതിൽ പള്ളിക്കമ്മിറ്റിയോട് ആയത് നേരെ ആക്കുവാനുള്ള പൈസ ചോദിച്ചു തരുവാനുള്ള വിരോധം മൂലമാണ് ഇപ്രകാരം ചെയ്തത് എന്നും ഇന്ന് കോടതിയിൽ ജോബി വന്നിട്ടുണ്ട് എന്നും ബാക്കി പ്രതികളെ കണ്ടാൽ അറിയാമെന്നും ആണ് മൊഴി തന്നിട്ടുള്ളത്.

10. എതിർവിസ്താരത്തിൽ കോടതിയിൽ കൊടുത്ത ഡേറ്റ് ഓർമ്മയില്ല എന്നും ജോബി വലത് കൈകൊണ്ട് എന്റെ പുറക് വശം ചെവിക്കടിച്ചു എന്നും മോനായി

തടഞ്ഞുനിർത്തി എന്നും സ്കൂട്ടിയിലാണ് വീട്ടിലേക്ക് പോയത്. ഓട്ടോറിക്ഷയിലാണ് ആശുപത്രിയിലേക്ക് പോയത് ജോണിയാണ് ചവിട്ടിയത് എന്നും ഏകദേശം 9 മണിക്കാണ് ഡോക്ടറിനെ കണ്ടതെന്നും പ്രതികളുടെ പേര് ഡോക്ടർനോട് പറഞ്ഞില്ല എന്നും വേദന കൂടാതെ മൂത്രം പോകുവാൻ ബുദ്ധിമുട്ടുണ്ടായിരുന്നു എന്നും കടക്കാരും വീട്ടുകാരും സംഭവം കണ്ടിരുന്നോ എന്ന് അറിയില്ല എന്നും കോടതിയിൽ പരാതി കൊടുത്തതിന് ശേഷം ഷർട്ടിന്റെ പോക്കറ്റിൽ നിന്നും പൈസ കിട്ടി എന്നും മൊഴി തന്നിട്ടുള്ളതാണ് ഇവിടെ പ്രോസിക്യൂഷൻ ഭാഗം 1-ാം സാക്ഷിയായ പരാതിക്കാരൻ തന്റെ പരാതിയിൽ പറഞ്ഞ പ്രകാരം തന്നെ കോടതി മുമ്പാകെയും 5 പേർ തന്നെ മർദ്ദിച്ചു എന്നാണ് മൊഴി നൽകിയിട്ടുള്ളത്. ഇവിടെ പ്രോസിക്യൂഷൻ ഭാഗത്തു നിന്നും Ext. P 5 പ്രകാരം മേൽക്കാര്യത്തിന് സൂചനയിൽ പറയും പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ പ്രതിപ്പട്ടകയിൽ 3, 4, 5 പ്രതികളായി ചേർത്ത സംഭവത്തിൽ ഉൾപ്പെട്ടില്ല എന്ന് വ്യക്തമായതിനാൽ FIR കോളത്തിലെ പ്രതിക്കോളത്തിൽ നിന്നും മുകളിൽ വിവരം കൊടുത്ത 3,4, 5 എന്നിവരെ കുറവ് ചെയ്യുന്നതിനായി കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നു എന്നാണ് പ്രസ്താവിച്ചിട്ടുള്ളത്. എന്നാൽ എന്ത് സാക്ഷി മൊഴി /തെളിവിന്റെ അടിസ്ഥാനത്തിലാണ് 3, 4, 5 പ്രതികളെ ഒഴിവാക്കിയത് എന്ന് Ext. P5 റിപ്പോർട്ടിൽ പ്രതിപാദിക്കുന്നില്ല. ആയത് പ്രോസിക്യൂഷൻ ഭാഗത്ത് നിന്നും വന്നിട്ടുള്ള ഒരു ന്യൂനതയാണ്. ആയതിന് ശേഷം Ext. P4 പരിശോധിക്കുകയാണെങ്കിൽ പള്ളിയിൽ നിന്നും കൊടുക്കാനുള്ള തുക

കൊടുക്കാത്ത വിരോധത്താൽ പള്ളി കമ്മിറ്റിക്കാർ കൂടിയായ പ്രതിപ്പട്ടികയിൽ പറഞ്ഞിട്ടുള്ള 3, 4, 5 പേർക്കെതിരെ കളവായി പരാതി കൊടുത്തതാണ് എന്ന് വ്യക്തമായിട്ടുള്ളതാണ് എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ ഇപ്രകാരം പരാതി കളവായി കൊടുത്തതാണ് എന്ന് നയിക്കുന്നതിലേക്ക് ഉള്ള സാക്ഷി മൊഴി /തെളിവ് എന്താണ് എന്ന് Ext. P4-ലും P5-ലും രേഖപ്പെടുത്തിയിട്ടില്ല . ആയത് പ്രോസിക്യൂഷൻ ഭാഗത്തു നിന്നും വന്നിട്ടുള്ള ഒരു ന്യൂനതയാണ്. ഇവിടെ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷി അല്ലാതെ പ്രോസിക്യൂഷൻ ഭാഗം 3-ാം സാക്ഷിയായ രമേശൻ എന്നിവരുടെ ആദ്യ വിസ്താരം നടത്തിയിരുന്നതും ആയതിന് ശേഷം ടിയാന്റെ എതിർ വിസ്താരം നടത്തിയിട്ടില്ലാത്തതുമായിരുന്നു, ആയതുകൊണ്ട് കോടതി സ്വമേധയായ റീക്കോൾ ചെയ്തിട്ടുള്ളതാണ്. ടിയാൻ തന്റെ ആദ്യ വിസ്താര മൊഴിയിൽ കടയുടെ അടുത്തു വെച്ചാണ് സംഭവം ഞാൻ ചായ കുടിക്കുകയായിരുന്നു. ഞാൻ ഒച്ച കേട്ട് നോക്കിയപ്പോൾ ജോബിയും ആന്റണിയും തമ്മിൽ വാക്ക് തർക്കം നടക്കുന്നതായി കണ്ടു. രണ്ടുപേരും പരസ്പരം കെട്ടിപ്പിടിച്ചു വഴക്കു കൂടുകയായിരുന്നു. 2 പേരും നിലത്ത് വീണു, ഞാൻ പോയി 2 പേരെയും പിടിച്ചുമാറ്റി. ആന്റണി വാഴപ്പിള്ളി എന്ന പാപ്പ എന്നിവർ ആശുപത്രിയിലേക്ക് പോകുവാൻ വേണ്ടി സ്കൂട്ടർ സ്റ്റാർട്ടാക്കി ആ സമയത്തു ജോബി വന്ന് ആന്റണിയുടെ പുറത്തടിച്ചു, എന്തെങ്കിലും പറഞ്ഞോ  എന്ന് കേട്ടില്ല. പിന്നീട് ആന്റണിയെ സതീശൻ എന്നിവരുടെ വണ്ടിയിൽ കയറ്റി വിട്ടു. ടിയാന്റെ എതിർവിസ്താരം 16.05.2023 തീയതിയിൽ നടത്തിയിട്ടില്ലാത്തതാണ്. ടി ദിവസം ആദ്യ വിസ്താരം

മാത്രമേ നടത്തിയിരുന്നുള്ളൂ, പിന്നീട് കോടതി സ്വമേധയാ ടിയാനെ റീക്കോൾ ചെയ്തിട്ടുള്ളതാണ്. റീകോൾ ചെയ്ത സമയം ടിയാൻ , ഈ കേസിലെ ഒന്നാം പ്രതിയായ ജോബി എന്നിവരെ പ്രതിക്കൂട്ടിൽ തിരിച്ചറിഞ്ഞിട്ടുള്ളതാണ്. പോലീസ് തന്റെ മൊഴി എടുത്തിട്ടില്ല എന്ന് എതിർവിസ്താരത്തിൽ ടിയാൻ മൊഴി തന്നിട്ടുള്ളതാണ്, ആയതുകൊണ്ട് ടിയാന്റെ മൊഴി പരിഗണിക്കത്തക്കതല്ല, ആയതിന് ശേഷം പ്രോസിക്യൂഷൻ ഭാഗം 4-ാം സാക്ഷിയായ അനീഷ് എന്നിവർ 7.6.2020 തീയതി ആന്റണി എന്നവർക്ക് പരിക്ക് പറ്റിയതറിയാം, എന്നാൽ അദ്ദേഹത്തിനെ ആരാണ് പരിക്കേൽപ്പിച്ചത് എന്ന് അറിയില്ല എന്ന് മൊഴി തന്നിട്ടുള്ളതാണ്.

11 .ഇവിടെ പ്രോസിക്യൂഷൻ ഭാഗം 5-ാം സാക്ഷി. സിബിയാൻ എന്നിവർ ഈ കേസിലെ പരാതിക്കാരനെയും പ്രതികളായ കാക്ക, മോനായി എന്നിവരെയും അറിയാമെന്നും പാപ്പച്ചൻ ചേട്ടന്റെ ജനറേറ്റർ നന്നാക്കിയ പൈസ പള്ളിക്കാർ കൊടുക്കാത്തതിന്റെ വിരോധം മൂലം 7- 6- 2020 തീയതിയാണ് കേസിന് ആസ്പദമായ സംഭവം നടന്നത് എന്നും ആദ്യം വൈകുന്നേരം പൈസ പള്ളിക്കാർ കൊടുക്കാത്തതിന്റെ കാര്യം ഇടപെട്ട് സംസാരിക്കുന്നത് കണ്ടിരുന്നു എന്നും പാപ്പച്ചൻ ആദ്യം പള്ളിക്കാരുമായി സംസാരിക്കുന്നത് കണ്ടുവെന്നും പാപ്പച്ചൻ ബൈക്കിൽ കയറിപ്പോകാൻ നേരത്താണ് സംഭവമെന്നും കാക്ക വന്ന് ഷർട്ടിൽ കയറിപ്പിടിച്ചു. നീ എന്റെ പെണ്ണുങ്ങളെപ്പറ്റി എന്താടാ പറഞ്ഞത് എന്ന് പറഞ്ഞാണ് അടിച്ചത് രണ്ടു പേരും താഴെ വീണു കാക്കുവിന്റെ മുഖത്ത് നിന്നും ചോര വരുന്നത്

കണ്ടു. കാക്കവിന്റെ ബന്ധുവായ മോനായി വന്ന് പിടിച്ചെഴുന്നേൽപ്പിച്ചു, പാപ്പച്ചനെ പിന്നെയും അടിച്ചു . അനീഷ്, രമേഷ് ആണ് പിടിച്ച് മാറ്റിയത്. പാപ്പച്ചൻ എന്നിവരെ സതീശൻ വീട്ടിൽ കൊണ്ടുപോയി. പാപ്പച്ചൻ ചെറിയ മദ്യ ലഹരിയിലായിരുന്നു കാക്കവിന്റെ ഭാര്യയെ പറ്റി അപവാദം പറഞ്ഞതാണ് എന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്, പിന്നെ ജനറേറ്റർ സംബന്ധിച്ച തർക്കവും ഉണ്ടായിരുന്നു. ഇവിടെ പ്രോസിക്യൂഷൻ ഭാഗം അഞ്ചാം സാക്ഷി തന്റെ എതിർ വിസ്താരത്തിൽ സംഭവ സ്ഥലത്ത് നിന്നും 2 മീറ്റർ മാറിയാണ് കച്ചവടം. എനിക്ക് ചായക്കടയുണ്ട്. പാപ്പച്ചനും പള്ളിക്കാരും തമ്മിൽ തർക്കത്തിൽ അരമണിക്കൂർ മുമ്പ് വാക്ക തർക്കം ഉണ്ടായിരുന്നു. വാക്കുതർക്കം നടക്കുമ്പോൾ പാപ്പച്ചൻ ചേട്ടൻ അവിടെ ഉണ്ടായിരുന്നു. പള്ളിക്കാരും പാപ്പച്ചൻ ചേട്ടനുമായി അടിപിടി ഉണ്ടായിട്ടില്ല. പാപ്പച്ചൻ വണ്ടി സ്റ്റാർട്ട് ചെയ്തു പോകുവാൻ നോക്കുമ്പോൾ ആണ് കാക്ക പാപ്പച്ചനെ കയറി അടിച്ചത്. പള്ളിക്കാരിയുമായി പാപ്പച്ചൻ തല്ലുണ്ടാക്കിയത് എന്റെ കടയുടെ മുന്നിൽ വെച്ച് തന്നെയാണ്. മോനായിയും കാക്കവും പാപ്പച്ചനെ ഒരുമിച്ചടിക്കുന്നത് ഞാൻ കണ്ടിട്ടില്ല. ആശുപത്രിയിൽ പോയതായി ഞാനറിഞ്ഞിട്ടില്ല എന്നും മൊഴി തന്നിട്ടുള്ളതാണ്.

12. ബഹുമാനപ്പെട്ട സുപ്രീം കോടതി Vadivelu Thevar: Chinniah Servai vs State Of Madras - 1957 Supreme(SC) 42 , AIR 1957 SC 614 എന്ന കേസിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതാണ്.

Hence, in our opinion, it is a sound and well-established rule of law that the court is concerned with the quality and not with the quantity of the evidence necessary for proving or disproving a fact. Generally speaking, oral testimony in this context may be classified into three categories, namely:

(1) Wholly reliable.

(2) Wholly unreliable.

(3) Neither wholly reliable nor wholly unreliable.

In the first category of proof, the court should have no difficulty in coming to its conclusion either way - it may convict or may acquit on the testimony of a single witness, if it is found to be above reproach or suspicion of interestedness, incompetence or subornation. In the second category, the court equally has no difficulty in coming to its conclusion. It is in the third category of cases, that the court has to be circumspect and has to look for corroboration in material particulars by reliable testimony, direct or circumstantial. There is another danger in insisting on plurality of witnesses. Irrespective of the quality of the oral evidence of a single witness, if courts were to insist on plurality of witnesses in proof of any fact, they will be indirectly encouraging subornation of witnesses. Situations may arise and do

arise where only a single person is available to give evidence in support of a disputed fact. The court naturally has to weigh carefully such a testimony and if it is satisfied that the evidence is reliable and free from all taints which tend to render oral testimony open to suspicion, it becomes its duty to act upon such testimony.

13. ഇവിടെ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷിയുടെ മൊഴി പരിശോധിച്ചാൽ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷി 5 പേരുടെ പേരാണ് കോടതി മുമ്പാകെയുള്ള മൊഴിയിൽ പ്രസ്താവിച്ചിട്ടുള്ളത്. അപ്രകാരം തന്നെയാണ് പ്രോസിക്യൂഷൻ ഭാഗം 1-ാം സാക്ഷി പരാതിയിലും ബോധിപ്പിച്ചിട്ടുള്ളത്, എന്നാൽ പോലീസ് ഫയൽ ചെയ്ത ഫൈനൽ റിപ്പോർട്ട് പ്രകാരം 2 പ്രതികൾ മാത്രമാണ് ഉള്ളത്. Ext. P4, P5 എന്നിവ പ്രകാരം ബാക്കി 3 പ്രതികളെ ഒഴിവാക്കിയതിനുള്ള മൊഴി /തെളിവ് എന്താണ് എന്ന് പോലീസ് ആ റിപ്പോർട്ടുകളിൽ ബോധിപ്പിച്ചിട്ടില്ല. അന്വേഷണം പ്രകാരം മനസ്സിലായി എന്ന് മാത്രമേ റിപ്പോർട്ടുകളിൽ പ്രസ്താവിച്ചിട്ടുള്ളൂ. ഇവിടെ ഈ കേസിലെ പരാതിക്കാരൻ 3,4,5 പ്രതികളെ ഒഴിവാക്കിയത് സംബന്ധിച്ച് യാതൊരു ഹർജിയും കോടതി മുമ്പാകെ ഫയലാക്കിയിട്ടില്ല. ഇവിടെ ഈ കേസിലെ പരാതിക്കാരന്റെ മൊഴി പ്രകാരവും പരാതി പ്രകാരവും 5 പേരുടെ പേരുള്ളതാണ്, എന്നാൽ പ്രോസിക്യൂഷൻ കേസ് പ്രകാരം പ്രതികളായി 2 പേർ മാത്രമേ ഉള്ളൂ. ഇവിടെ പ്രോസിക്യൂഷൻ ഭാഗം 6-ാം സാക്ഷിയാണ് പ്രോസിക്യൂഷൻ അനുസൃതമായി മൊഴി നൽകിയിട്ടുള്ള ഒരേയൊരു

സാക്ഷി. ഇവിടെ പ്രോസിക്യൂഷൻ ഭാഗം 3-ാം സാക്ഷിയായ രമേശൻ എന്നിവർ താൻ പോലീസിന് മൊഴി കൊടുത്തിട്ടില്ല എന്നാണ് എതിർ വിസ്താരത്തിൽ പ്രസ്താവിച്ചിട്ടുള്ളത്. ടിയാൻ പ്രോസിക്യൂഷന് അനുസൃതമായി മൊഴി തന്നിട്ടില്ലാത്തതാണ്. പ്രോസിക്യൂഷൻ ഭാഗം, ഒന്നാം സാക്ഷിയുടെ മൊഴി പ്രകാരം അനീഷ്, സതീശൻ എന്നിവർ സംഭവം കണ്ടിരുന്നു. മേൽ പ്രസ്താവിച്ചിരിക്കുന്ന അനീഷ് എന്നയാൾ പ്രോസിക്യൂഷന് അനുസൃതമായി മൊഴി നൽകിയിട്ടില്ലാത്തതാണ്. മേൽ പ്രസ്താവിച്ചിരിക്കുന്ന സതീശൻ എന്നിവരെ പ്രോസിക്യൂഷൻ ഭാഗം സാക്ഷിയായി ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. ദൃക്സാക്ഷിയായ ചാർജ് ഭാഗം 7-ാം സാക്ഷി ജോസ് ,E D എന്നിവരെ ബഹുമാനപ്പെട്ട അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ കോടതി മുമ്പാകെ വിസ്തരിക്കുന്നില്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുള്ളതാണ് ഇവിടെ പ്രോസിക്യൂഷൻ ഭാഗം സാക്ഷികളെ വിശകലനം ചെയ്യുമ്പോൾ, പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷിയായ പരാതിക്കാരൻ മൊഴി തന്നിട്ടുള്ളതാണ്, പക്ഷേ ടിയാന്റെ മൊഴി Neither wholly reliable nor wholly unreliable ആണ് പ്രോസിക്യൂഷൻ ഭാഗം മൂന്നാം സാക്ഷി രമേശൻ എന്നിവർ പ്രോസിക്യൂഷന് അനുസൃതമായി മൊഴി നൽകിയിട്ടില്ലാത്തതാണ് പ്രോസിക്യൂഷൻ ഭാഗം 5-ാം സാക്ഷിയായ സിബിയാൻ എന്നിവരുടെ മൊഴിയും പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷിയുടെ മൊഴിയും തമ്മിൽ വ്യത്യാസങ്ങൾ ഉള്ളതാണ്. പ്രോസിക്യൂഷൻ ഭാഗം 1-ാം സാക്ഷിയുടെ മൊഴിയിലും പ്രോസിക്യൂഷൻ ഭാഗം 5-ാം സാക്ഷിയുടെ മൊഴിയിലും discrepancies

ഉള്ളതാണ്. പ്രോസിക്യൂഷൻ ഭാഗം 1-ാം സാക്ഷിയുടെ മൊഴി പ്രകാരം തന്നെ 5 പേർ ഉപദ്രവിച്ചു എന്നും ആണ്, എന്നാൽ പ്രോസിക്യൂഷൻ ഭാഗം 5-ാം സാക്ഷിയുടെ മൊഴി പ്രകാരം. കാക്കു,മോനായി എന്നിവർ മാത്രമാണ് ഈ കേസിലെ പരാതിക്കാരനെ ഉപദ്രവിച്ചിട്ടുള്ളത്. പിന്നെ കാക്കു വന്ന് ഷർട്ടിൽ പിടിച്ച് എന്റെ പെണ്ണുങ്ങളെപ്പറ്റി നീ എന്താടാ പറഞ്ഞത് എന്ന് പറഞ്ഞാണ് ഈ കേസിലെ പരാതിക്കാരനുമായി അടി ഉണ്ടായത് ഇവിടെ എന്നാൽ പ്രോസിക്യൂഷൻ ഭാഗം 1-ാം സാക്ഷിയുടെ മൊഴി പ്രകാരം 5 പേർ തന്നെ ഉപദ്രവിച്ചു എന്നാണ് ഇവിടെ പ്രോസിക്യൂഷൻ ഭാഗം 1-ാം സാക്ഷിയുടെ മൊഴിയും, 5-ാം സാക്ഷിയുടെ മൊഴിയും തമ്മിൽ വളരെയധികം വ്യത്യാസം ഉള്ളതാണ്. പ്രോസിക്യൂഷൻ ഭാഗം 3-ാം സാക്ഷിയും പ്രോസിക്യൂഷന് അനുസൃതമായി മൊഴി നൽകിയിട്ടില്ലാത്തതാണ് ആയതുപോലെ തന്നെ ചാർജ് ഭാഗം 7-ാം സാക്ഷിയായ ദൃക്സാക്ഷിയെ പ്രോസിക്യൂഷൻ ഭാഗത്തുനിന്നും വിസ്തരിച്ചിട്ടില്ലാതതാണ്. ഇവിടെ ചാർജ് ഭാഗം എട്ടാം സാക്ഷിയായ ഡോക്ടർ മൊഹമ്മദ് കുഞ്ഞി എന്നിവർ മരിച്ചിട്ടുള്ളതും അദ്ദേഹത്തിന്റെ മരണസർട്ടിഫിക്കറ്റ് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാണ്. ടിയാൻ ഇഷ്യൂ ചെയ്ത മെഡിക്കൽ സർട്ടിഫിക്കറ്റ് Subject to proof ചെയ്തിട്ടുള്ളതാണ്, ആയത് Section 32 Indian Evidence Act പ്രകാരം പരിഗണിച്ചിട്ടുള്ളതാണ്. Ext. P3 നിയമപ്രകാരം prove ചെയ്തിട്ടുള്ളതാകുന്ന ഈ മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം ഈ കേസിലെ പരാതിക്കാരന് നെഞ്ചിലും വയറ്റിലും വേദനയുള്ളതാണ് എന്ന്

പ്രസ്താവിച്ചിട്ടുള്ളതാണ്. ടീ മെഡിക്കൽ സർട്ടിഫിക്കറ്റിൽ ഈ കേസിലെ പരാതിക്കാരന് യാതൊരു പരിക്കും പുറമേയില്ല ( No External Injuries )എന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്. ടി മെഡിക്കൽ സർട്ടിഫിക്കറ്റിൽ പ്രതികളുടെ ആരുടെയും പേരുകൾ പറഞ്ഞിട്ടില്ലാത്തതാണ്. ഇവിടെ പ്രോസിക്യൂഷൻ ഭാഗം, ഒന്നാം സാക്ഷിയുടെ മൊഴി ശരിയായ വിധം പ്രോസിക്യൂഷൻ ഭാഗം 5-ാം സാക്ഷിയോ, Ext. P3 മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരമോ CORROBORATE ചെയ്യപ്പെട്ടിട്ടില്ലാത്തതാണ്, പ്രോസിക്യൂഷൻ ഭാഗം 1-ാം സാക്ഷിയുടെ മൊഴി പ്രകാരവും പ്രോസിക്യൂഷൻ ഭാഗം മറ്റ് സാക്ഷികളുടെ മൊഴി പ്രകാരവും സതീശൻ എന്ന ഒരു ആൾ സംഭവം കണ്ടിട്ടുണ്ട്. ടിയാനെ ദൃക്സാക്ഷി ആക്കിയിട്ടില്ലാത്തതാണ്. മേൽ പ്രസ്താവിച്ചിരിക്കുന്ന കാരണങ്ങളാൽ പയ്യാവൂർ അംശം പാടാംകവല എന്ന സ്ഥലത്ത് കുന്നത്തൂർ പാടാംകവല റോഡും അതിനോട് ചേർന്നുള്ള പബ്ലിക് റോഡിൽ വെച്ച് 7-6-2020 തീയതി ഈ കേസിലെ പ്രതികൾ കുറ്റം ചെയ്യണമെന്ന കരുതലും ഉദ്ദേശത്തോളം കൂടി പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷിയെ തടഞ്ഞു നിർത്തി അശ്ലീല ഭാഷയിൽ ചീത്ത വിളിക്കുകയും കൈകൊണ്ട് മുഖത്തടിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തുവെന്നും രണ്ടാം പ്രതി ഒന്നാം സാക്ഷിയുടെ മുഖത്തും പുറത്തും കൈ കൊണ്ട് അടിച്ച് പരിക്കേൽപ്പിച്ചു എന്നും ഈ കേസിലെ ഒന്നും, രണ്ടും പ്രതികളായതുകൊണ്ട് 341,323,294 (b) IPC പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ട് എന്നും സംശയാതീതമായി തെളിയിക്കുവാൻ പ്രോസിക്യൂഷന്

സാധിച്ചിട്ടില്ലാത്തതാണ്, ആയതുകൊണ്ട് 1 മുതൽ 3 വരെയുള്ള തർക്കവിഷയങ്ങൾ പ്രോസിക്യൂഷനെതിരായി ഈ കോടതി കാണുന്നു .

14. ഈ കേസിലെ തർക്കവിഷയങ്ങൾ 1 മുതൽ 3 വരെ പ്രോസിക്യൂഷനെതിരായി കണ്ടതിനാൽ ഈ കേസിലെ പ്രതികളെ ഈ കോടതി 255(1) The Code of Criminal Procedure പ്രകാരം വെറുതെ വിട്ട് ഇതിനാൽ ഉത്തരവാകുന്നു, പ്രതികളുടെ ജാമ്യബോണ്ടുകൾ റദ്ദ് ചെയ്യപ്പെട്ടിരിക്കുന്നു.

Sd/-

**ന്യായാധികാരി**

**അനുബന്ധം :-**

**പ്രോസിക്യൂഷൻ ഭാഗം വിസ്തരിച്ച സാക്ഷികൾ**

പ്രോസിക്യൂഷൻ സാക്ഷി 1:-ആന്റണി @ പാപ്പച്ചൻ (പരാതിക്കാരൻ )

പ്രോസിക്യൂഷൻ സാക്ഷി 2:-ബിജു (മഹസർ സാക്ഷി)

പ്രോസിക്യൂഷൻ സാക്ഷി 3:-രമേശൻ (ദൃക്സാക്ഷി )

പ്രോസിക്യൂഷൻ സാക്ഷി 4:-അനീഷ് (ദൃക്സാക്ഷി )

പ്രോസിക്യൂഷൻ സാക്ഷി 5:-സിബിയൻ (ദൃക്സാക്ഷി)

പ്രോസിക്യൂഷൻ സാക്ഷി 6:-രമേശൻ പി സി ( Sub Inspector, Payyavoor

Police Station)

പ്രോസിക്യൂഷൻ സാക്ഷി 7:-വിനോദൻ വി പി ( Sub Inspector, Payyavoor

Police Station)

**പ്രോസിക്യൂഷൻ രേഖവിവരം:-**

P1:- Forward complaint PW 1 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി

09.06.2022)

P2:- സീൻ മഹസർ PW 2 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 29.09.2022)

P3:- Wound certificate PW 7 മുഖാന്തരം മാർക്ക്

ചെയ്തു (തീയ്യതി 26.02.2026)

P4:-Section adding & deleting report PW 7 മുഖാന്തരം മാർക്ക് ചെയ്തു

(തീയ്യതി 26.02.2026)

P5:- Accused deleting report PW 7 മുഖാന്തരം മാർക്ക് ചെയ്തു. (തീയ്യതി

26.02.2026)

P6:- (series ) 41(A) CrPc notice PW 7 മുഖാന്തരം മാർക്ക് ചെയ്തു

(തീയ്യതി 26.02.2026)

P6 (a):- 41(A) CrPc notice PW 7 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 26.02.2026)

P7:- Address & rank adding report PW 7 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 26.02.2026)

P8:- FIR time correcting report PW 7 മുഖാന്തരം മാർക്ക് ചെയ്തു PW 7 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 26.02.2026)

പ്രതിഭാഗം സാക്ഷികൾ :- ഇല്ല

പ്രതിഭാഗം രേഖാവിവരം :- ഇല്ല

മുദ്രണം ചെയ്യപ്പെട്ട തൊണ്ടി മുതലുകൾ :- ഇല്ല

//True copy//

**ന്യായാധികാരി**